കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ഏപ്രിൽ 2021



## പ്രൈസസ് വിഭാഗം

### സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

**(DEPARTMENT OF ECONOMICS AND STATISTICS)**

തിരുവനന്തപുരം

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

17-06-2021 **ഡയറക്ടർ**

## ആമുഖം

ഏപ്രിൽ അവസാനിക്കുമ്പോൾ കോവിഡിന്റെ രണ്ടാം തരംഗം രാജ്യത്ത് വീണ്ടും ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ് .ഒന്നാം തരംഗത്തിൽ സാമ്പത്തിക രംഗത്ത് ഉണ്ടായ തളർച്ചയെ രാജ്യം അതിജീവിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് വീണ്ടും കോവിഡ് ഭീഷണിയാവുന്നത്. ഏപ്രിൽ അവസാനിക്കുമ്പോൾ കേരളത്തിലും രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. വീണ്ടും ലോക്ക്ഡൗൺ സാഹചര്യം സംജാതമാവുകയാണ് വീണ്ടും നിയന്ത്രണങ്ങളിലേക്ക് പോവുന്നത് സാമ്പത്തിക രംഗത്ത് ദൂരവ്യാപകമായാ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ് .

അവലോകനമാസമായ ഏപ്രിലിൽ അരിയുടെ വിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായില്ല പയർ-പരിപ്പ് വർഗ്ഗങ്ങളിൽ നേരിയ ഏറ്റക്കുറച്ചിലുകൾ ഒഴിച്ച് നിർത്തിയാൽ ഗണ്യമായ മാറ്റങ്ങളൊന്നും ദൃശ്യമായില്ല .കോഴിമുട്ടയുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.മെയ് മാസത്തിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ട്.ഭക്ഷ്യഎണ്ണകളുടെ വിലയിൽ തുടർച്ചയായ വർദ്ധനവിന് അവലോകനമാസത്തിലും ശമനമുണ്ടായില്ല .തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവുണ്ടായിട്ടുണ്ട്.ഡിമാന്റ് വർദ്ധിച്ചതിന് തുടർന്ന് വറ്റൽമുളകിന്റെയും കുരുമുളകിന്റെയും വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.ഉള്ളിയുടെ വിലയിൽ കുറവുണ്ടായി. പച്ചക്കറികളിൽ ഏത്തയ്ക്ക വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.സവാളയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.മറ്റ് പച്ചക്കറികളിൽ പ്രാദേശികമായ ലഭ്യതയ്ക്കനുസരിച്ചുള്ള ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്.പഴവർഗ്ഗങ്ങളിൽ ഏത്തപ്പഴം,ഓറഞ്ച് എന്നിവയുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായി. അവലോകനമാസത്തിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വില കുതിച്ചുയർന്നു.

ഇന്ത്യയിൽ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ സാധാരണ തോതിലുള്ള കാലവർഷം ലഭിക്കുമെന്നാണ് കേന്ദ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പ്രവചിക്കുന്നത്.കഴിഞ്ഞ വർഷങ്ങളിലേതുപോലെതന്നെ നല്ല മഴ ലഭിക്കുകയാണെങ്കിൽ ഖാരിഫ് സീസണിലെ കാർഷിക വിളകളുടെ ഉത്പാദനത്തെ അത് ഗണ്യമായി സഹായിക്കുന്നതാണ്.

കാർഷിക മന്ത്രാലയത്തിന്റെ 30-04-2021 റിപ്പോർട്ടു പ്രകാരം സമ്മർ വിളകളുടെ കൃഷിയിൽ കഴിഞ്ഞ വർഷത്തേക്കാൾ കാർഷിക വിസ്തൃതിയിൽ നെൽകൃഷിയിൽ 5.22 ലക്ഷം ഹെക്ടറും ചെറുപയർ 4.33 ലക്ഷം ഹെക്ടറും, ഉഴുന്ന് 0.81 ലക്ഷം ഹെക്ടറും വർദ്ധനവ് കാണിക്കുന്നു.

കേന്ദ്ര കാർഷിക മന്ത്രാലയം 2021 -22 വർഷത്തെ കാർഷിക വിളകളുടെ ടാർഗറ്റ് നിശ്ചയിച്ചു .ഇത് അനുസരിച്ച് നെല്ല് 121.10 മില്യൺ ടൺ ,ഗോതമ്പ് -110 മില്യൺ ടൺ,പയർ വർഗ്ഗങ്ങൾ 25 മില്യൺ ടൺ ,എണ്ണക്കുരുക്കൾ 37.6 മില്യൺ ടൺ, എന്നിങ്ങനെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ നെല്ല് ഖാരിഫ് സീസണിൽ 104.3 മില്യൺ ടണ്ണും ,റാബി സീസണിൽ 16.8 ടണ്ണുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.പയർ വർഗ്ഗങ്ങൾ ഖാരിഫ് സീസണിൽ 9.82 മില്യൺ ടണ്ണും ,റാബി സീസണിൽ 15.18 ടണ്ണുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് എണ്ണക്കുരുക്കൾ ഖാരിഫ് സീസണിൽ 26.2 മില്യൺ ടണ്ണും ,റാബി സീസണിൽ 11.4 ടണ്ണുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

നിലവിലുള്ള കാലാവസ്ഥ പ്രവചനം അനുസരിച്ച് സാധാരണ തോതിലുള്ള മഴ ലഭിക്കുകയാണെങ്കിൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഖരീഫ് സീസണിലെ കൃഷി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള കണക്ക് പ്രകാരം ഖാരിഫ് സീസണിലേക്ക് ആവശ്യമുള്ളതിൽ കൂടുതൽ വിത്തുകളും വളങ്ങളും സ്റ്റോക്ക് ഉണ്ടെന്നാണ് കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

മാർച്ച് 01 മുതൽ ഏപ്രിൽ 28 വരെയുള്ള കണക്കനുസരിച്ച് ഇന്ത്യയിൽ വേനൽ മഴയിൽ 30 ശതമാനം കുറവ് കാണിക്കുന്നു. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ 3% അധിക മഴ ലഭിച്ചപ്പോൾ മറ്റ് മൂന്ന് ഡിവിഷനുകളിലും ലഭിച്ച മഴയുടെ അളവ് കുറവായിരുന്നു.

കേരളത്തിൽ വേനൽ മഴ സാധാരണയിലും കൂടുതൽ ലഭിച്ചുകൊണ്ടിരിക്കുന്നതായാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ റിപ്പോർട്ട് സൂചിപ്പിക്കുന്നത് .ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഈ കാലയളവിൽ സാധാരണ ലഭിക്കുന്നതിലും 28% അധിക മഴ ലഭിച്ചിട്ടുണ്ട്.കോഴിക്കോട് ,ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ സാധാരണയിലും കൂടുതൽ മഴ ലഭിച്ചിട്ടുണ്ട്. മെയ് മാസത്തിൽ വേനൽ മഴ കൂടുതൽ ശക്തി പ്രാപിക്കുമെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ .

രണ്ടാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം റാബി സീസണിലെ മൊത്തം കാർഷിക വിസ്തൃതി 648.41 ലക്ഷം ഹെക്ടറാണ് .കഴിഞ്ഞ 2019-20 സീസണിൽ ഇത് 639.88 ലക്ഷം ഹെക്ടർ ആയിരുന്നു.

റാബി സീസണിലെ നെല്ല്, ഗോതമ്പ് എന്നിവ ഒഴികെയുള്ള ഇനങ്ങളുടെ വിളവെടുപ്പ് പൂർത്തിയായിട്ടുണ്ടെന്നാണ് ലഭിക്കുന്ന വിവരം.ഗോതമ്പിന്റെ സംഭരണം ആരംഭിച്ചിട്ടുണ്ട്.30-04-2021 ലെ കണക്കനുസരിച്ച് ഇതുവരെ 271 ലക്ഷം മെട്രിക് ടൺ ഗോതമ്പ് സംഭരിച്ചിട്ടുണ്ട്.

എഫ് സി ഐ യുടെ 30-04-2021 ലെ കണക്കനുസരിച്ച് 481.39 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 438.03 ലക്ഷം മെട്രിക് ടൺ അരിയാണ് സംഭരിച്ചത് .പഞ്ചാബ് 135.89 ലക്ഷം ടൺ ഉത്തർപ്രദേശ് 44.78 ലക്ഷം ടൺ ,ഒഡിഷ 42.80 ലക്ഷം ടൺ എന്നിവയാണ് പ്രധാനമായും സംഭരണം നടന്ന സംസ്ഥാനങ്ങൾ കേരളത്തിൽ നിന്നും 3.74 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്. നിലവിലുള്ള സ്ഥിതി പരിഗണിക്കുമ്പോൾ ഈ വർഷവും റെക്കോർഡ് സംഭരണം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള സാഹചര്യത്തിൽ അരിയുടെ വിലയിൽ വരും മാസങ്ങളിലും വർദ്ധനവിന് സാധ്യത ഇല്ല.


അവലോകനമാസം അവസാനിക്കുമ്പോൾ നിലവിലുള്ള വിലപ്രവണത കണക്കിലെടുക്കുമ്പോൾ വരും മാസങ്ങളിൽ പയർ-പരിപ്പ് വർഗ്ഗങ്ങളുടെ വിലയും ,ഭക്ഷ്യ എണ്ണകളുടെ വിലയുമാണ് ആശങ്കപ്പെടുത്തുന്നത്. ദിനംപ്രതി വർദ്ധിക്കുന്ന ഇന്ധന വിലയും വിപണിയിൽ ആശങ്ക പടർത്തിയിട്ടുണ്ട്.

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ അവലോകനമാസമായ ഏപ്രിലിൽ കാര്യമായ വ്യതിയാനങ്ങളില്ലാതെ നിലകൊണ്ടു.നിലവിൽ അരിയുടെ വില മാസങ്ങളായി ഏതാണ്ട് വില സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് രാജ്യത്ത് പൊതുവെയും കേരളത്തിലും കാണുന്നത്.കഴിഞ്ഞ രണ്ട് വർഷങ്ങളായി അനുകൂലമായ കാലാവസ്ഥയുടെ പിൻബലത്തിൽ നെല്ല് ഉത്പാദനത്തിൽ ഉണ്ടായ വർദ്ധനവാണ് നിലവിലുള്ള വില സ്ഥിരതയ്ക്ക് കാരണം. നിലവിലുള്ള സംഭരണ നില പരിശോധിക്കുമ്പോൾ ഈ വർഷവും റെക്കോർഡ് സംഭരണം നടക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. വരും മാസങ്ങളിലും അരിയുടെ വിലയിൽ കാര്യമായ വർദ്ധനവിന് സാധ്യത കാണുന്നില്ല.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചമ്പ ഒഴികെയുള്ള അരിയിനങ്ങളുടെ വിലയിൽ 12 ശതമാനം വരെ വിലക്കുറവ് ഉണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.77 | 36.77 | 36.79 | 0.05 | -11.92 |
| 2 | ചമ്പ | കിലോഗ്രാം | 39.88 | 40.00 | 40.00 | 0.00 | 0.30 |
| 3 | റോസ് | കിലോഗ്രാം | 43.50 | 39.22 | 39.22 | 0.00 | -9.84 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.06 | 35.87 | 35.96 | 0.25 | -5.52 |
| 5 | ജയ | കിലോഗ്രാം | 38.65 | 37.50 | 37.50 | 0.00 | -2.98 |
| 6 | ഗോതമ്പ് | കിലോഗ്രാം | 37.17 | 35.02 | 35.35 | 0.94 | -4.90 |




## II.പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വില അവലോകനമാസത്തിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു.ചെറുപയറിന്റെ വിലയിൽ മാസം മധ്യത്തോടെ നേരിയ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനം വില കുറയുന്നതിനുള്ള പ്രവണത കാണിച്ച .ഉഴുന്നുപരിപ്പിന്റെ വിലയിൽ മാസാവസാനം കുറയുന്നതിനുള്ള പ്രവണത പ്രകടമായിരുന്നു.തുവരപ്പരിപ്പിന്റെ വില മാസം മധ്യത്തോടെ വർദ്ധിക്കുകയും മാസാവസാനം വർദ്ധനവിനുള്ള പ്രവണത തുടരുകയാണ്.കടലയുടെയും,വൻപയറിന്റെയും വില കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ നിലകൊണ്ടു. റാബി സീസണിലെ പയർ-പരിപ്പ് വർഗ്ഗങ്ങൾ വിപണിയിൽ എത്തിക്കൊണ്ടിരിക്കുകയാണെങ്കിലും മെയ് മാസത്തിലും പയർ-പരിപ്പ് വർഗ്ഗങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല. നിലവിൽ പയർ -പരിപ്പ് വർഗ്ഗങ്ങളുടെ ഇറക്കുമതിക്കുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. എന്നാണ് ലഭിക്കുന്ന വിവരം.

റാബി സീസണിലെ പയർ വർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ പ്രതീക്ഷിച്ചതിലും കുറവുണ്ടായിട്ടുണ്ടെന്നാണ് ഏറ്റവും ഒടുവിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ. ഇന്ത്യ പ്രധാനമായും പയർ ഇറക്കുമതിക്കായി ആശ്രയിക്കുന്ന മ്യാൻമറിലെ ആഭ്യന്തര പ്രശ്നങ്ങളും പയർ വർഗ്ഗങ്ങളുടെ വിലയെ വരും മാസങ്ങളിൽ സ്വാധീനിച്ചേക്കാം

.


| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 130.33 | 116.20 | 116.50 | 0.26 | -10.61 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 129.21 | 121.23 | 122.26 | 0.85 | -5.38 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 128.94 | 124.73 | 124.75 | 0.02 | -3.25 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 123.83 | 123.20 | 121.95 | -1.01 | -1.52 |
| 5 | വൻപയർ | കിലോഗ്രാം | 80.97 | 81.87 | 82.09 | 0.27 | 1.38 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 103.80 | 112.15 | 114.07 | 1.71 | 9.89 |
| 7 | കടല(വലുത്) | കിലോഗ്രാം | 82.91 | 80.08 | 80.73 | 0.81 | -2.63 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 74.70 | 70.69 | 70.08 | -0.86 | -6.18 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 78.16 | 86.30 | 85.71 | -0.68 | 9.66 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 80.40 | 86.31 | 86.94 | 0.73 | 8.13 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

പഞ്ചസാരയുടെ വിലയിൽ നേരിയൊരു വർദ്ധനവ് ദൃശ്യമായിരുന്നു. എന്നാൽ കാര്യമായ വർദ്ധനവിന് സാധ്യത ഇല്ല എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം . ശർക്കരയുടെ വിലയിൽ മാസം മധ്യത്തിനുശേഷം വിലയിൽ കുറവുണ്ടായിട്ടുണ്ട്.എന്നാൽ നിയന്ത്രണങ്ങൾ വരികയാണെങ്കിൽ ശർക്കരയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ സാധ്യത ഉണ്ട്.. കോഴിമുട്ടയുടെ വിലയിൽ മാസാവസാനം വിലക്കുറവ് ദൃശ്യമാണെങ്കിലും മെയ് മാസത്തിൽ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം. ഇറച്ചിക്കോഴിയുടെ വിലയിൽ വിഷുവിനു ശേഷം വിലയിൽ കുറവുണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 40.47 | 37.40 | 37.92 | 1.39 | -6.30 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 170.10 | 173.42 | 173.46 | 0.02 | 1.98 |
| 3 | ശർക്കര | കിലോഗ്രാം | 62.52 | 53.70 | 54.49 | 1.47 | -12.84 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.58 | 54.78 | 59.87 | 9.29 | 9.69 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 626.17 | 656.61 | 660.36 | 0.57 | 5.46 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുളള ത്) | കിലോഗ്രാം | 109.17 | 124.38 | 126.35 | 1.58 | 15.74 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.64 | 155.61 | 155.93 | 0.21 | 4.90 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 165.18 | 164.23 | 164.12 | -0.07 | -0.64 |




## IV. എണ്ണയും എണ്ണക്കുരുക്കളും

ഭക്ഷ്യ എണ്ണകളുടെ വിലയിൽ മാസങ്ങളായി തുടർന്നുകൊണ്ടിരുന്ന വില വർദ്ധനവ് അവലോകനമാസത്തിലും തുടർന്നുകൊണ്ടിരുന്നു. ഏതാണ്ട് എല്ലാ ഇനം ഭക്ഷ്യ എണ്ണകളുടെ വിലയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട് അതേസമയം തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിലെ അപേക്ഷിച്ച് ഏതാണ്ട് 50 ശതമാനം വർദ്ധനവാണ് പാം ഓയിലിന്റെയും സൂര്യകാന്തി ഓയിലിന്റെയും വിലയിൽ ഉണ്ടായിരിക്കുന്നത്. നിലവിൽ കടുകെണ്ണയുടെയും വിലയിൽ വർദ്ധനവ് പ്രകടമായിട്ടുണ്ട്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഭക്ഷ്യ എണ്ണകളുടെ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വളരെ കൂടുതലാണ് .ഇറക്കുമതിയെ ആശ്രയിച്ചാണ് ഇന്ത്യയുടെ ഭക്ഷ്യ എണ്ണ വിപണി നിലനിൽക്കുന്നത്. ഇന്ത്യയുടെ ഭക്ഷ്യഎണ്ണകളുടെ ഏതാണ്ട് 70 ശതമാനവും ഇറക്കുമതിയാണ്. നിലവിൽ അന്താരാഷ്ട്ര വിലയും ഉയർന്നു നിൽക്കുകയാണ് . ഇറക്കുമതി ചെയ്ത ഭക്ഷ്യ എണ്ണകൾ വിപണിയിൽ എത്തുന്നതോടെ വില നിയന്ത്രിച്ച് നിർത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 192.05 | 227.76 | 226.55 | -0.53 | 17.96 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.00 | 176.40 | 179.40 | 1.70 | 15.74 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 108.34 | 151.88 | 165.79 | 9.16 | 53.03 |
| 4 | നല്ലെണ്ണ | ലിററർ | 203.14 | 190.64 | 195.23 | 2.41 | -3.89 |
| 5 | കടുക് എണ്ണ | ലിററർ | 142.50 | 155.00 | 162.81 | 5.04 | 14.25 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 105.07 | 132.08 | 138.80 | 5.09 | 32.10 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 108.38 | 158.17 | 166.97 | 5.56 | 54.06 |
| 8 | പാം ഓയിൽ | ലിററർ | 91.13 | 126.93 | 133.74 | 5.36 | 46.76 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 206.09 | 223.48 | 216.45 | -3.15 | 5.03 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ


അവലോകനമാസമായ ഏപ്രിലിൽ ഉള്ളിയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. മെയ് മാസത്തിലും കാര്യമായ വർദ്ധനവിന് സാധ്യത ഇല്ല എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

ഗുണ്ടൂർ മുളകിനുള്ള അന്താരാഷ്ട്ര ഡിമാന്റ് വർദ്ധിച്ചതിനെ തുടർന്ന് വറ്റൽമുളകിന്റെ വിലയിൽ വർദ്ധനവുണ്ടായി.

കുരുമുളകിനുള്ള ആഭ്യന്തര ഡിമാന്റ് വർദ്ധിച്ചതിനാൽ വിലയിൽ നേരിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്.മെയ് മാസത്തിലും നേരിയ തോതിലുള്ള വർദ്ധനവ് തുടരുമെന്നാണ് സൂചന.വിയറ്റ്നാമിൽ ആഭ്യന്തര ഉത്പാദനം ഏപ്രിലോടെ അവസാനിക്കും.

വെളുത്തുള്ളിയുടെ വിലയിൽ അവലോകനമാസത്തിൽ കുറവുണ്ടായിട്ടുണ്ട് . എന്നാൽ വെളുത്തുള്ളിയുടെ ഡിമാന്റിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് ലഭിക്കുന്ന സൂചന ഇത്കാരണം മാസാവസാനം വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് മെയ് മാസത്തിലും ഈ വർദ്ധനവ് തുടരുമെന്നാണ് ലഭിക്കുന്ന സൂചന .മറ്റ് ഇനങ്ങളുടെ വില നേരിയ ഏറ്റക്കുറച്ചിലുകളോടെ നിലകൊണ്ടു

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 101.02 | 98.77 | 101.04 | 2.30 | 0.02 |
| 2 | മുളക് | കിലോഗ്രാം | 191.66 | 169.17 | 177.26 | 4.78 | -7.51 |
| 3 | ഉള്ളി | കിലോഗ്രാം | 74.82 | 70.86 | 56.16 | -20.75 | -24.94 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 159.38 | 161.76 | 159.14 | -1.62 | -0.15 |
| 5 | ജീരകം | 100 ഗ്രാം | 30.88 | 29.52 | 29.21 | -1.05 | -5.41 |
| 6 | കടുക് | 100 ഗ്രാം | 9.55 | 10.52 | 10.46 | -0.57 | 9.53 |
| 7 | ഉലുവ | 100 ഗ്രാം | 9.86 | 10.52 | 10.57 | 0.48 | 7.20 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.73 | 18.20 | 18.36 | 0.88 | -1.98 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.73 | 13.08 | 11.93 | -8.79 | -28.69 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 382.14 | 392.98 | 424.04 | 7.90 | 10.96 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ കിഴങ്ങു വർഗ്ഗങ്ങളിൽ ഉരുളക്കിഴങ്ങിന്റെ വില മാസം ആദ്യം വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനം വിലയിൽ കുറവുണ്ടായി . മെയ് മാസത്തിലും കാര്യമായ വർദ്ധനവ് ഉണ്ടാവാൻ സാധ്യത ഇല്ല. ചേമ്പ്,ബീറ്റ്‌റൂട്ട് എന്നിവയുടെ വിലയിൽ കുറവുണ്ടായി. കാരറ്റിന്റെ വിലയിൽ ഏറ്റക്കുറച്ചിലുകളുണ്ടായി .

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കിഴങ്ങു വർഗ്ഗങ്ങളിൽ എല്ലാ ഇനങ്ങളുടെയും വിലയിൽ കുറവുണ്ടായിട്ടുണ്ട്. ചേമ്പ് 28.75 ശതമാനവും , ഉരുളക്കിഴങ്ങ് 27.80 ശതമാനം ,മരച്ചീനി 21.82 ശതമാനവും വിലക്കുറവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 32.02 | 29.07 | 29.10 | 0.10 | -9.12 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.49 | 21.07 | 20.71 | -1.71 | -21.82 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 39.78 | 28.40 | 28.72 | 1.13 | -27.80 |
| 4 | ചേമ്പ് | കിലോഗ്രാം | 56.84 | 41.88 | 40.50 | -3.30 | -28.75 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 35.96 | 38.68 | 35.00 | -9.51 | -2.67 |
| 6 | കാരററ് | കിലോഗ്രാം | 47.38 | 38.18 | 40.24 | 5.40 | -15.07 |




## VII.പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ഏപ്രിലിൽ ഏത്തക്കായ,ബീൻസ്, പച്ചമുളക് എന്നിവ ഒഴിച്ച് നിർത്തിയാൽ ഗണ്യമായ വർദ്ധനവ് മറ്റിനങ്ങളിൽ ഒന്നും ദൃശ്യമായില്ല.സവാള ,വെണ്ടയ്ക്ക,തക്കാളി എന്നിവയുടെ വിലയിൽ ഗണ്യമായ വിലക്കുറവുണ്ടായി. റാബി സീസണിലെ സവാള വിപണിയിൽ എത്തിയതോടെ സവാളയുടെ വില ഗണ്യമായി കുറഞ്ഞു തുടങ്ങിയിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഏത്തക്കായയുടെ വരവോടെ വൻതോതിൽ വിലകുറഞ്ഞ ഏത്തക്കായയുടെ വിലയിൽ അവലോകനമാസത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ കർണ്ണാടക,തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുള്ള ഏത്തക്കായയുടെ വരവ് കുറഞ്ഞിട്ടുണ്ട്. മെയ് മാസത്തിലും വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് നിലവിൽ ലഭിക്കുന്ന സൂചന.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഏത്തയ്ക്ക,പച്ചമുളക്,പാവയ്ക്ക എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വിലക്കുറവ് പ്രകടമായിരുന്നു.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 28.14 | 32.12 | 22.59 | -29.67 | -19.72 |
| 2 | വഴുതന | കിലോഗ്രാം | 37.04 | 33.48 | 32.29 | -3.55 | -12.82 |
| 3 | മത്തങ്ങ | കിലോഗ്രാം | 23.28 | 21.39 | 22.10 | 3.32 | -5.07 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 26.24 | 24.11 | 21.76 | -9.75 | -17.07 |
| 5 | വെണ്ടക്ക | കിലോഗ്രാം | 45.46 | 39.61 | 31.79 | -19.74 | -30.07 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 66.58 | 51.61 | 62.79 | 21.66 | -5.69 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 48.80 | 47.46 | 48.16 | 1.47 | -1.31 |
| 8 | കാബേജ് | കിലോഗ്രാം | 29.33 | 25.52 | 26.73 | 4.74 | -8.86 |
| 9 | പാവയ്ക്ക | കിലോഗ്രാം | 45.62 | 50.35 | 49.59 | -1.51 | 8.70 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 26.26 | 25.33 | 23.13 | -8.69 | -11.92 |
| 11 | പടവലങ്ങ | കിലോഗ്രാം | 34.91 | 32.39 | 32.39 | 0.00 | -7.22 |
| 12 | തക്കാളി | കിലോഗ്രാം | 24.18 | 26.79 | 22.17 | -17.25 | -8.31 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.65 | 5.26 | 6.18 | 17.49 | 32.90 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 32.42 | 33.83 | 45.02 | 33.08 | 38.86 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 33.46 | 29.62 | 30.48 | 2.90 | -8.91 |




## VIII.പഴവർഗ്ഗങ്ങൾ

റംസാൻ വ്രതം ആരംഭിച്ചതോടെ പഴവർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഓറഞ്ച്,മുസംബി,ഏത്തപ്പഴം,മുന്തിരി എന്നിവയുടെ വിലയിലാണ് വർദ്ധനവ് ഉണ്ടായിരിക്കുന്നത്. മാങ്ങയുടെ സീസൺ ആയത്തോടുകൂടി വിലയിൽ കുറവുണ്ടായിട്ടുണ്ട്. ഓറഞ്ചിന്റെ സീസൺ അവസാനിച്ചതോടെയാണ് വിലയിൽ വർദ്ധനവ് ഉണ്ടായത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഓറഞ്ചിന്റെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വരവ് കുറഞ്ഞതോടെ, ഏത്തപ്പഴത്തിന്റെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി തമിഴ്നാട് ,കർണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള ഏത്തപ്പഴങ്ങളുടെ വൻതോതിലുള്ള വരവോടെ ഏത്തപ്പഴത്തിന്റെ വില കുത്തനെ കുറഞ്ഞിട്ടുണ്ടായിരുന്നു. മെയ് മാസത്തിലും ഏത്തപ്പഴത്തിന്റെ വിലയിൽ നിലവിലുള്ള വർദ്ധനവിനുള്ള പ്രവണത തുടരുമെന്നാണ് ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **73.04** | **94.32** | **131.94** | **39.89** | **80.64** |
| 2 | മുസമ്പി | കിലോഗ്രാം | **61.04** | **74.38** | **80.02** | **7.58** | **31.09** |
| 3 | മാതളം | കിലോഗ്രാം | **143.96** | **194.17** | **180.71** | **-6.93** | **25.53** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **148.33** | **160.00** | **160.00** | **0.00** | **7.87** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **39.62** | **40.58** | **50.87** | **25.36** | **28.39** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **30.36** | **28.60** | **29.95** | **4.72** | **-1.35** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **43.56** | **43.19** | **43.50** | **0.72** | **-0.14** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **44.91** | **45.25** | **44.87** | **-0.84** | **-0.09** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.89** | **27.58** | **28.57** | **3.59** | **-1.11** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **87.71** | **105.33** | **102.92** | **-2.29** | **17.34** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **18.46** | **22.27** | **22.59** | **1.44** | **22.37** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **67.17** | **97.50** | **90.72** | **-6.95** | **35.06** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **56.98** | **67.50** | **83.65** | **23.93** | **46.81** |




## IX. ഭക്ഷ്യേതര വസ്തുക്കൾ

നിർമ്മാണ മേഖലയെ പ്രതിസന്ധിയിൽ ആക്കിക്കൊണ്ട് വൻതോതിലുള്ള വർദ്ധനവാണ് സിമന്റിന്റെയും ,സ്റ്റീലിന്റെയും വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് .മാസാവസാനം സിമന്റിന്റെ വില ഏതാണ്ട് ചാക്കൊന്നിനു 460 രൂപ എത്തിയിട്ടുണ്ട്.ഇനിയും വില വർദ്ധിക്കാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ സ്റ്റീലിന്റെ വിലയും ക്രമാതീതമായ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്റ്റീലിന്റെ വില അന്തരാഷ്ട്ര വിപണിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിന്റെ പ്രതിഫലനമാണ് നിലവിലുള്ള വിലക്കയറ്റത്തിന് കാരണമെന്നാണ് സൂചന..അതോടൊപ്പം തന്നെ നിർമ്മാണ മേഖലയിലെ മറ്റ് ഉത്പന്നങ്ങൾക്കും വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ലോക്ക് ഡൗൺ കാരണം 2020 ഏപ്രിൽ മാസത്തെ സിമന്റിന്റെയും സ്റ്റീലിന്റെയും വില ലഭ്യമായിട്ടില്ല.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 21.29 | 21.29 | 0.00 | 6.45 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 23.80 | 26.07 | 26.18 | 0.42 | 10.00 |
| 3 | വിറക് നാടൻ) | ക്വിന്റൽ | - | 512.00 | 506.00 | -1.17 | - |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | - | 427.41 | 450.38 | 5.37 | - |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | - | 424.18 | 444.54 | 4.80 | - |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | - | 62.49 | 66.26 | 6.03 | - |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.77 | 36.77 | 36.79 | 0.05 | -11.92 |
| 2 | ചമ്പ | കിലോഗ്രാം | 39.88 | 40.00 | 40.00 | 0.00 | 0.30 |
| 3 | റോസ് | കിലോഗ്രാം | 43.50 | 39.22 | 39.22 | 0.00 | -9.84 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.06 | 35.87 | 35.96 | 0.25 | -5.52 |
| 5 | ജയ | കിലോഗ്രാം | 38.65 | 37.50 | 37.50 | 0.00 | -2.98 |
| 6 | ഗോതമ്പ് | കിലോഗ്രാം | 37.17 | 35.02 | 35.35 | 0.94 | -4.90 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 130.33 | 116.20 | 116.50 | 0.26 | -10.61 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 129.21 | 121.23 | 122.26 | 0.85 | -5.38 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 128.94 | 124.73 | 124.75 | 0.02 | -3.25 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 123.83 | 123.20 | 121.95 | -1.01 | -1.52 |
| 5 | വൻപയർ | കിലോഗ്രാം | 80.97 | 81.87 | 82.09 | 0.27 | 1.38 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 103.80 | 112.15 | 114.07 | 1.71 | 9.89 |
| 7 | കടല(വലുത്) | കിലോഗ്രാം | 82.91 | 80.08 | 80.73 | 0.81 | -2.63 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 74.70 | 70.69 | 70.08 | -0.86 | -6.18 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 78.16 | 86.30 | 85.71 | -0.68 | 9.66 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 80.40 | 86.31 | 86.94 | 0.73 | 8.13 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 40.47 | 37.40 | 37.92 | 1.39 | -6.30 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 170.10 | 173.42 | 173.46 | 0.02 | 1.98 |
| 3 | ശർക്കര | കിലോഗ്രാം | 62.52 | 53.70 | 54.49 | 1.47 | -12.84 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.58 | 54.78 | 59.87 | 9.29 | 9.69 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 626.17 | 656.61 | 660.36 | 0.57 | 5.46 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 109.17 | 124.38 | 126.35 | 1.58 | 15.74 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.64 | 155.61 | 155.93 | 0.21 | 4.90 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 165.18 | 164.23 | 164.12 | -0.07 | -0.64 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 192.05 | 227.76 | 226.55 | -0.53 | 17.96 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.00 | 176.40 | 179.40 | 1.70 | 15.74 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 108.34 | 151.88 | 165.79 | 9.16 | 53.03 |
| 4 | നല്ലെണ്ണ | ലിററർ | 203.14 | 190.64 | 195.23 | 2.41 | -3.89 |
| 5 | കടുക് എണ്ണ | ലിററർ | 142.50 | 155.00 | 162.81 | 5.04 | 14.25 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 105.07 | 132.08 | 138.80 | 5.09 | 32.10 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 108.38 | 158.17 | 166.97 | 5.56 | 54.06 |
| 8 | പാം ഓയിൽ | ലിററർ | 91.13 | 126.93 | 133.74 | 5.36 | 46.76 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 206.09 | 223.48 | 216.45 | -3.15 | 5.03 |

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **101.02** | **98.77** | **101.04** | **2.30** | **0.02** |
| 2 | മുളക് | കിലോഗ്രാം | **191.66** | **169.17** | **177.26** | **4.78** | **-7.51** |
| 3 | ഉള്ളി | കിലോഗ്രാം | **74.82** | **70.86** | **56.16** | **-20.75** | **-24.94** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **159.38** | **161.76** | **159.14** | **-1.62** | **-0.15** |
| 5 | ജീരകം | 100 ഗ്രാം | **30.88** | **29.52** | **29.21** | **-1.05** | **-5.41** |
| 6 | കടുക് | 100 ഗ്രാം | **9.55** | **10.52** | **10.46** | **-0.57** | **9.53** |
| 7 | ഉലുവ | 100 ഗ്രാം | **9.86** | **10.52** | **10.57** | **0.48** | **7.20** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.73** | **18.20** | **18.36** | **0.88** | **-1.98** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **16.73** | **13.08** | **11.93** | **-8.79** | **-28.69** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **382.14** | **392.98** | **424.04** | **7.90** | **10.96** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **32.02** | **29.07** | **29.10** | **0.10** | **-9.12** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **26.49** | **21.07** | **20.71** | **-1.71** | **-21.82** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **39.78** | **28.40** | **28.72** | **1.13** | **-27.80** |
| 4 | ചേമ്പ് | കിലോഗ്രാം | **56.84** | **41.88** | **40.50** | **-3.30** | **-28.75** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **35.96** | **38.68** | **35.00** | **-9.51** | **-2.67** |
| 6 | കാരററ് | കിലോഗ്രാം | **47.38** | **38.18** | **40.24** | **5.40** | **-15.07** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **28.14** | **32.12** | **22.59** | **-29.67** | **-19.72** |
| 2 | വഴുതന | കിലോഗ്രാം | **37.04** | **33.48** | **32.29** | **-3.55** | **-12.82** |
| 3 | മത്തങ്ങ | കിലോഗ്രാം | **23.28** | **21.39** | **22.10** | **3.32** | **-5.07** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **26.24** | **24.11** | **21.76** | **-9.75** | **-17.07** |
| 5 | വെണ്ടക്ക | കിലോഗ്രാം | **45.46** | **39.61** | **31.79** | **-19.74** | **-30.07** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **66.58** | **51.61** | **62.79** | **21.66** | **-5.69** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **48.80** | **47.46** | **48.16** | **1.47** | **-1.31** |
| 8 | കാബേജ് | കിലോഗ്രാം | **29.33** | **25.52** | **26.73** | **4.74** | **-8.86** |
| 9 | പാവയ്ക്ക | കിലോഗ്രാം | **45.62** | **50.35** | **49.59** | **-1.51** | **8.70** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **26.26** | **25.33** | **23.13** | **-8.69** | **-11.92** |
| 11 | പടവലങ്ങ | കിലോഗ്രാം | **34.91** | **32.39** | **32.39** | **0.00** | **-7.22** |
| 12 | തക്കാളി | കിലോഗ്രാം | **24.18** | **26.79** | **22.17** | **-17.25** | **-8.31** |
| 13 | പച്ചമുളക് | 100 ഗ്രാം | **4.65** | **5.26** | **6.18** | **17.49** | **32.90** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **32.42** | **33.83** | **45.02** | **33.08** | **38.86** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **33.46** | **29.62** | **30.48** | **2.90** | **-8.91** |

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2020 | മാർച്ച് 2021 | ഏപ്രിൽ 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 73.04 | 94.32 | 131.94 | 39.89 | 80.64 |
| 2 | മുസമ്പി | കിലോഗ്രാം | 61.04 | 74.38 | 80.02 | 7.58 | 31.09 |
| 3 | മാതളം | കിലോഗ്രാം | 143.96 | 194.17 | 180.71 | -6.93 | 25.53 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 148.33 | 160.00 | 160.00 | 0.00 | 7.87 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 39.62 | 40.58 | 50.87 | 25.36 | 28.39 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 30.36 | 28.60 | 29.95 | 4.72 | -1.35 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 43.56 | 43.19 | 43.50 | 0.72 | -0.14 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 44.91 | 45.25 | 44.87 | -0.84 | -0.09 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.89 | 27.58 | 28.57 | 3.59 | -1.11 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 87.71 | 105.33 | 102.92 | -2.29 | 17.34 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 18.46 | 22.27 | 22.59 | 1.44 | 22.37 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 67.17 | 97.50 | 90.72 | -6.95 | 35.06 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 56.98 | 67.50 | 83.65 | 23.93 | 46.81 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 21.29 | 21.29 | 0.00 | 6.45 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 23.80 | 26.07 | 26.18 | 0.42 | 10.00 |
| 3 | വിറക് നാടൻ) | ക്വിന്റൽ | - | 512.00 | 506.00 | -1.17 | - |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | - | 427.41 | 450.38 | 5.37 | - |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | - | 424.18 | 444.54 | 4.80 | - |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | - | 62.49 | 66.26 | 6.03 | - |